സെന്റ് തോമസ് കോളജ് പാലാ ഓട്ടോണോമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

December 2024
Vol. 1 Issue 2 pages 44-47

പാലൈ
PALAI பாலை
ISSN No: 3049-0316

# സർവൈവൽ സിനിമകൾ മലയാളത്തിൽ



**ലിബിൻ ജോർജ്***

**സംഗ്രഹം**

എല്ലാ ബഹുകോശ ജീവികളും ഓരോ നിമിഷവും അതിജീവനം നടത്തുന്നുണ്ട്. ശരീരത്തിനുള്ളിൽ ഒരു കോശം മറ്റൊരു കോശത്തെ വിഴുങ്ങി അർബുദമാവാതിരിക്കാൻ കോശങ്ങളും സ്വയം സർവൈവൽ ചെയ്യുന്നുണ്ട്. എല്ലാ ജീവികളും കാലാവസ്ഥയോടും വൈറസുകളോടും ബാക്ടീരിയകളോടും അതിജീവനം നടത്തിയാണ് ഈ ഭൂമിയിൽ നിലനിൽക്കുന്നത്. അതിജീവനാർത്ഥമാണ് മനുഷ്യൻ ദേശാന്തരികളായത്. മനുഷ്യോല്പത്തി ആഫ്രിക്കയിലാണെന്നാണല്ലോ നരവംശശാസ്ത്രം അവകാശപ്പെടുന്നത്. അവിടെനിന്നു പല ദേശങ്ങളിലേക്ക് അവർ കുടിയേറിപ്പാർത്തത് അതിജീവനത്തിന് വേണ്ടിയായിരുന്നു. ജനിച്ച സ്ഥലത്തു സുരക്ഷിതമായി ജീവിക്കാൻ കഴിയുമായിരുന്നെങ്കിൽ അവർക്കു വിവിധ ദേശങ്ങളിലേക്കു കുടിയേറിപ്പാർക്കേണ്ട ആവശ്യമില്ലായിരുന്നു. ചില വംശത്തിലും ദേശത്തിലും പിറക്കുന്നവർക്ക് ശാരീരികമായ ചില അവയവ പ്രത്യേകതകൾ, ത്വക്കിന്റെ നിറം എന്നിവ ശരീരം വരുത്തിയ അതിജീവന അടയാളങ്ങളാണ്. അതിജീവനം നടത്താത്ത ഒരു ജീവിക്കും അധികകാലം ഭൂമിയിൽ നിലനിൽക്കുക സാധ്യമല്ല. അവ വംശനാശം സംഭവിച്ച് വിസ്മൃതിയിലടയുക തന്നെ ചെയ്യുമെന്നാണ് പരിണാമസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ചാൾസ് ഡാർവിൻ പറയുന്നത്. ആയതിനാൽ ജീവജാലങ്ങളുടെ ജൈവികപ്രക്രിയയുമായി ബന്ധപ്പെട്ടിരിക്കുന്ന ഒരു സിദ്ധാന്തമാണ് സർവൈവൽ തിയറി.

**താക്കോൽ വാക്കുകൾ:** അതിജീവനം - ഇടം - രോഗം - ശാസ്ത്രം

## മലയാളസിനിമയിലെ അതിജീവനം പ്രമേയമാവുന്ന സിനിമകൾ

ദുഷ്ടത പ്രവൃത്തിക്കുന്ന വില്ലൻ കഥാപാത്രങ്ങളോട് പോരാടി വിജയം നേടുന്നത് ഒരുതരം സർവൈവൽ തന്നെയാണ്. എന്നാൽ തിയറ്റിക്കലി നിർവ്വചിക്കുമ്പോൾ പ്രകൃതിദുരന്തം, മരണകാരണമായ രോഗാണുക്കളിൽ നിന്നുള്ള രക്ഷപെടൽ, തുടങ്ങിയ സന്ദർഭങ്ങൾ പ്രമേയമായി വരുന്ന സിനിമകളാണ് സർവൈവൽ സിനിമകളുടെ ഗണത്തിൽ വരുന്നത്. രണ്ടായിരത്തി പതിനെട്ടിൽ

* ലിബിൻ ജോർജ്, ഗവേഷകൻ, മലയാളവിഭാഗം കേരളാ യൂണിവേഴ്സിറ്റി

 ISSN No: 3049-0316


കേരളത്തിൽ സംഭവിച്ച മഹാമാരിയും അതെ തുടർന്നുണ്ടായ പ്രളയത്തെയും അടിസ്ഥാനമാക്കി നിർമ്മിച്ച 2018, കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ വ്യാപിച്ച നിപ്പ വൈറസിൽ നിന്നുള്ള പ്രതിരോധത്തെ പ്രമേയമാക്കിയ ' വൈറസ്, മലയൻകുഞ്ഞ് തുടങ്ങിയ സിനിമകൾ ഈ ശ്രേണിയിൽ വരുന്ന ചലച്ചിത്രങ്ങളാണ്.

**മലയൻകുഞ്ഞ്**

മഹേഷ് നാരായണന്റെ രചനയിൽ സജിമോൻ പ്രഭാകർ സംവിധാനം ചെയതു 2022 ൽ റിലീസായ ചിത്രമാണ് മലയൻകുഞ്ഞ്.

മുളവുംപാറ പഞ്ചായത്തിലെ കിഴക്കേച്ചരിവ് താരക്കുന്ന് നിവാസിയായ ഇലക്ട്രോണിക്സ് ജോലികളുമായി ജീവിക്കുന്ന ചെറുപ്പക്കാരനാണ് അനിക്കുട്ടൻ എന്നു വിളിക്കുന്ന അനിൽകുമാർ (ഫഹദ്). ചില നിർബന്ധബുദ്ധികളും പിടിവാശികളും ജാതീയമായ കാഴ്ചപ്പാടുകളുമൊക്കെയുള്ള ചെറുപ്പക്കാരനാണയാൾ. അലോസരപ്പെടുത്തുന്ന ശബ്ദങ്ങൾ കേട്ടാൽ ഞെട്ടുകയും അതെ തുടർന്ന് എക്കിളെടുക്കുകയും ചെയ്യുന്ന വ്യക്തികൂടിയാണയാൾ. വിവാഹതലേദിവസം അനുജത്തി കാമുകനൊപ്പം ഒളിച്ചോടിപ്പോയതിൽ മനംനൊന്ത് ആത്മഹത്യചെയ്ത അച്ഛന്റെ ഓർമകളും അയാളെ വിടാതെ പിന്തുടരുന്നുണ്ട്. അയാളുടെ നിർബന്ധബുദ്ധികൾക്കനുസരിച്ച് കാര്യങ്ങൾ മുന്നോട്ടുപോകവേ, മഴ കനക്കുന്നു. മണ്ണിടിയാൻ സാധ്യതയുള്ള കിഴക്കേച്ചെരിവ്, താരക്കുന്ന് നിവാസികളോട് മാറിത്താമസിക്കാൻ മുളവുംപാറ പഞ്ചായത്ത് കാര്യത്തിൽനിന്ന് മൈക്ക് അനൗൺസ്മെന്റും നടത്തുന്നുണ്ട്. എന്നാൽ അനിക്കുട്ടൻ അതിന് മുഖവില കൊടുക്കുന്നില്ല. തീർത്തും അപ്രതീക്ഷിതമായി ഒരു ദിവസം പെട്ടന്ന് അനിക്കുട്ടന്റെ വീടിരുന്നിടത്ത് ഉരുൾപ്പെട്ടൽ ഉണ്ടാവുന്നു. അനിക്കുട്ടൻ മണ്ണിനടിയിലാവുന്നു. ഒരു മരക്കുറ്റി അയാളുടെ വയറിന്റെ താഴെ പള്ളയോട് ചേർന്ന് കുത്തിക്കയറി അയാൾ ക്ഷീണിതനായി വെള്ളത്തിനടിയിലേക്ക് പോകുന്നു. അച്ഛന്റെ ഓർമ്മകൾ അയാളെ പൊക്കിക്കൊണ്ടുവരുന്നതായി അയാൾക്ക് തോന്നുന്നു. ബോധം വീണ്ടെടുത്ത് അയാൾ പൊങ്ങി വരുന്നു. പള്ളയിൽ തറച്ച കമ്പ് കഷണം വലിച്ചൂരി വേദന സഹിച്ച് മുറിവ് അയാൾ കുഴഞ്ഞ മണ്ണുകൊണ്ടു പൊത്തുന്നു. പായ്ക്കിങ് ടേപ്പ് കൊണ്ട് അയാൾ ആ മുറിവ് വച്ചുകെട്ടാൻ ശ്രമിക്കുന്നു. അയൽവക്കക്കാരനെ അലോസരപ്പെടുത്താൻ വാങ്ങിയ ബ്രൈറ്റ് ലൈറ്റ് അയാളുടെ കൈയ്യിൽ തടയുന്നു. ആ ടോർച്ച് കൊണ്ടയാൾ താൻ അകപ്പെട്ടിരിക്കുന്ന ഭൂമിക്കടിയിലെ പരിസരം നിരീക്ഷിക്കുന്നു. കൈകൊണ്ടും കമ്പുകൾ കൊണ്ടും കുടുങ്ങിക്കിടക്കുന്ന ആ ഇടത്തിൽ നിന്ന് അയാൾ രക്ഷപെടാൻ ശ്രമിക്കുന്നു. തന്റെ ജീവിതത്തിലെ ഏറ്റവും കൂടുതൽ അലോസരപ്പെടുത്തിയ പൊന്നി എന്ന കുട്ടിയുടെ കരച്ചിൽ കേട്ട് ആ കുട്ടിയുടെ അടുത്തേക്ക് എത്തുവാൻ അയാൾ ശ്രമിക്കുന്നു. ആ ശ്രമത്തിനിടയിൽ അയൽവക്കക്കാരൻ ദിവാകരന്റെയും മൃഗങ്ങളുടെയും മൃതദേഹം കാണുന്നു. ഉരുളിൽ കിട്ടിയ കരിമ്പടം പുതച്ച് അയാൾ തണുപ്പകറ്റുകയും അതോടൊപ്പം കയ്യിൽ കിട്ടിയ പഴകിയ നെയ്യപ്പംതിന്ന് വിശപ്പകറ്റുകയും ചെയ്യുന്നു. പൊന്നിയുടെ ഇരുപത്തെട്ടുകെട്ടിന് വെട്ടം നൽകാൻ ഉപയോഗിച്ച വാഹന ബാറ്ററിയും ലൈറ്റും വയറും ഉപയോഗിച്ച് ഇരുൾമൂടിയ അപകടസ്ഥലത്ത് വെളിച്ചം സൃഷ്ടിച്ച് അവിടെ നിന്ന് രക്ഷ നേടാൻ അയാൾ ശ്രമിക്കുന്നു. ഒരു സ്റ്റേ കമ്പി തോട്ടിപോലെ കൊളുത്തി വലിക്കുന്നതിനായി ഉപയോഗിച്ച് അഗാധമായ ഗർത്തത്തിൽനിന്ന് അയാൾ കരകയറുന്നു. മരക്കൊമ്പിൽ തടഞ്ഞിരിക്കുന്ന പൊന്നിയെ എടുത്ത് അയാൾ സംരക്ഷിക്കുന്നു. അപ്പോഴേയ്ക്കും രക്ഷാപ്രവർത്തകർ വരികയും ഗർത്തത്തിലേക്ക് ക്രെയിൻ ഉപയോഗിച്ച് അനിക്കുട്ടനെയും കുഞ്ഞിനെയും അവർ രക്ഷപ്പെടുത്തി ആശുപത്രിയിലാക്കുകയും ചെയ്യുന്നു. ആ ദുരന്തത്തിൽ പതിമൂന്ന് പേർ മരിക്കുകയും മൂന്ന് പേർ രക്ഷപെടുകയും ചെയ്തു എന്ന് വാർത്തയിൽ റിപ്പോർട്ട് ചെയ്യുന്നു. അനാഥയായ പൊന്നിക്ക് സംരക്ഷകനായി അനിക്കുട്ടൻ മാറുന്നതോടെ സിനിമ അവസാനിക്കുന്നു.

സർവൈവൽ തിയറിയുടെ എല്ലാ വശങ്ങളും അനിക്കുട്ടൻ പ്രയോഗിക്കുന്നുണ്ട്. ഒന്ന് അയാൾ സ്വയം രക്ഷപ്പെടാൻവേണ്ടി ശ്രമിക്കുന്നു. തന്റെ ചുറ്റിലും ലഭ്യമായ ഉപകരിക്കപ്പെടുന്ന വസ്തുവകകൾ

വാല്യം 1 ലക്കം 1 സെപ്റ്റംബർ 2024 ISSN No: 3049-0316


കൊണ്ട് സുരക്ഷിതമായ സ്ഥലത്തേക്ക് എത്തിപ്പെടാൻ ശ്രമിക്കുന്നു. ഉപകാരപ്രദമല്ലെന്നു വിചാരിക്കുന്ന വസ്തുവകകൾകൊണ്ട് അപകടസ്ഥലത്തെ കാഠിന്യം കുറപ്പിക്കുന്നു. കയ്യിൽ കിട്ടിയ ഭക്ഷ്യവസ്തു കഴിച്ച് വിശപ്പടക്കുകയും സർവൈവിലിനുള്ള ആരോഗ്യം സൃഷ്ടിക്കുകയും ചെയ്യുന്നു. സ്വയം രക്ഷപ്പെടുന്നതിനോടൊപ്പം അപകടത്തിൽപ്പെട്ട മറ്റുള്ളവരെക്കൂടി രക്ഷപ്പെടുത്താൻ ശ്രമിക്കുന്നു. സുരക്ഷിതമായ ഇടത്തിൽനിന്ന് ശബ്ദമുയർത്തി രക്ഷാപ്രവർത്തകരുടെ ശ്രദ്ധയെ ആകർഷിക്കുക തുടങ്ങിയ സർവൈവൽ പ്രയോഗങ്ങൾ ഈ സിനിമയിൽ അപകടത്തിൽപ്പെട്ട വ്യക്തി നടത്തുന്നുണ്ട്.

മലയൻകുഞ്ഞ് എന്ന സിനിമ സർവൈവൽ സിദ്ധാന്തങ്ങളെ പൂർണമായും പ്രായോഗികമാക്കിയ ഒരു മലയാള സിനിമയാണെന്ന് അവകാശപ്പെടാം. മലയിൻ കുഞ്ഞ് റിലീസായി OTT പ്ലാറ്റ്ഫോമിൽ ഓടിക്കൊണ്ടിരിക്കുന്ന സമയത്താണ് 2020 ആഗസ്റ്റ് ആറാം തീയതി മൂന്നാറിനടുത്ത് പെട്ടിമുടി ഉരുൾപൊട്ടൽ ദുരന്തം ഉണ്ടായത് എന്നതും പ്രത്യേകം എടുത്തുപറയേണ്ട സംഗതിയാണ്.

## വൈറസ്

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ 2018 മെയ് മാസത്തിൽ നിപ്പ വൈറസിന്റെ പടർച്ചയും അതെത്തുടർന്ന് ആ പ്രദേശത്തെ ജനങ്ങളും ആരോഗ്യപ്രവർത്തകരും പൊതുഭരണപ്രവർത്തകരും നടത്തിയ അതിജീവനപോരാട്ടത്തിന്റെ സിനിമാറ്റിക്ക് രൂപമാണ് ആഷിക് അബു സംവിധാനം ചെയ്ത് 2019 ൽ പുറത്തിറങ്ങിയ വൈറസ് എന്ന ചിത്രം.

യുവാവായ സക്കറിയക്ക് ശർദ്ദിയും കടുത്ത പനിയും ബാധിച്ച് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ എത്തുന്നു. മെഡിസിനുകളോടു പ്രതികരിക്കാതെ ഏതാനും മണിക്കൂറുകൾക്കു ശേഷം സക്കറിയ മരിക്കുകയും ചെയ്തു. സക്കറിയയുടെ C.T. സ്കാൻ എടുത്ത ഗീതയ്ക്കും അയാളെപ്പോലെ സമാന രോഗലക്ഷണങ്ങൾ ഉണ്ടാകുന്നു. അവളുടെ രക്തസമ്മർദ്ദം പരിശോധിച്ചപ്പോൾ സ്കെയിൽ ഉയരുകയും താഴുകയും ചെയ്യുന്നത് അവിടെയുള്ള ഡോക്ടർമാരെ ആശങ്കയിലും ആശയക്കുഴപ്പത്തിലുമാക്കി. സക്കറിയയെ ചികിത്സിച്ച ഹെൽത്ത് സെന്ററിലെ നഴ്സ് അഖിലയ്ക്കും സമാനരീതിയിൽ രോഗം ബാധിച്ചു. സമീപപ്രദേശങ്ങളിൽ സാവധാനം കൂടുതൽ കേസുകൾ കണ്ടെത്തി. ഡോ. സലിം (ന്യൂറോളജിസ്റ്റ്) സക്കറിയയുടെ പിതാവ് റസാഖിനെ പരിശോധിക്കുന്നതിനിടയിൽ, വിഷബാധയുടെയും ജാപ്പനീസ് എൻസെഫലൈറ്റിസും സംബന്ധിച്ച ലക്ഷണങ്ങളും അയാളിൽ കണ്ടെത്തുന്നു. ഡെങ്കു വൈറസിന്റെ സാന്നിധ്യം പരിശോധനയിൽ കാണുന്നുമില്ല. അദ്ദേഹം മണിപ്പാൽ വൈറോളജിയിലെ സുരേഷ് രാജനോട് റസാഖിന്റെ പരിശോധനാസാമ്പിളിൽ നിപ വൈറസിന്റെ പരിശോധന നടത്താനും ആവശ്യപ്പെട്ടു. അജ്ഞാത വൈറസ് നിപയാണെന്ന് ഡോക്ടർ സുരേഷ് ബാബു സ്ഥിരീകരിച്ചു. മലപ്പുറം ജില്ലയിലെ ഒരു വ്യക്തിയിലും നിപ്പ റിപ്പോർട്ട് ചെയ്യുന്നു. സിസ്റ്റർ അഖിലയും (സക്കറിയയെ ചികിത്സിച്ച നഴ്സ്) മരിക്കുന്നു. അടിയന്തരസാഹചര്യത്തിൽ, കേരളത്തിലെ ആരോഗ്യമന്ത്രി സി.കെ. പ്രമീളയുടെയും ജില്ലാ കലക്ടർ പോൾ വി. എബ്രഹാം ഐഎഎസിന്റെയും DHS ഡോ. സ്മൃതി ഭാസ്കറിന്റെയും നേതൃത്വത്തിൽ മെഡിക്കൽ പ്രാക്ടീഷണർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും ഒരു സംഘം കോഴിക്കോട് ക്യാമ്പ് ചെയ്ത് സ്ഥിതിഗതികൾ നേരിട്ടു നിയന്ത്രിക്കുന്നു. ഇത് ഏതെങ്കിലും രാജ്യമോ സംഘടനയോ ഉപയോഗിക്കുന്ന ജൈവായുധമാണോയെന്ന് അന്വേഷിക്കാൻ കേന്ദ്രസംഘം എത്തുന്നു. ഡോ. അന്നുവും ഡോ. സുരേഷ് ബാബുവും നിപ്പ വൈറസിന്റെ വ്യാപനം സക്കറിയയിൽനിന്ന് മറ്റുള്ളവരിലേക്ക് എപ്രകാരമാണ് വ്യാപിച്ചതെന്ന് കൃത്യമായി കണ്ടെത്തുന്നു. നിപ്പ വൈറസ് ബാധിച്ച ഇരുപത് പേരിൽ വിഷ്ണുവും ഡോ. സാറാ യാക്കൂബും മാത്രമേ ജീവിതത്തിലേക്കു മടങ്ങിവരുന്നുള്ളൂ.

## വൈറസിനെ സർവൈവൽ ചെയ്യുവാനായി നടത്തിയ പ്രവർത്തനങ്ങൾ

1. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പേ വാർഡ് നിപ്പ ബാധിച്ച രോഗികളെ ചികിത്സിക്കാൻ മാത്രം സജ്ജമാക്കി.
2. നിപ്പ വൈറസ് ബാധിച്ചവരിൽനിന്ന് ഡയറക്ട് കോൺടാക്റ്റിൽപ്പെട്ടവർ, ഫിസിക്കൽ കോൺടാക്റ്റിൽ പെട്ടവർ (രോഗി ഉപയോഗിച്ച വസ്തുക്കൾ ഉപയോഗിച്ചവർ), ഒന്നിച്ച് യാത്ര

 ISSN No: 3049-0316


ചെയ്തവർ, ചികിത്സിച്ച ഡോക്ടർമാർ, പരിചരിച്ചവർ എന്നിവരെ വേർതിരിച്ച് 21 ദിവസത്തെ ഇൻക്യുബേഷൻ പിരിയഡിൽ സമ്പർക്കത്തിൽ ഏർപ്പെട്ടവരെ ക്വാറന്റയ്ൻ ചെയ്ത് നിരീക്ഷിച്ചു.

3. PPE കിറ്റ്, മാസ്കുകൾ എന്നിവ ധരിച്ച് രോഗവ്യാപനം നിയന്ത്രണവിധേയമാക്കി.
4. ആരോഗ്യമന്ത്രി, കളക്ടർ, DHS എന്നിവർ കോഴിക്കോട് തമ്പടിച്ച് സ്ഥിതിഗതികൾ നേരിട്ട് നിയന്ത്രിക്കുകയും വോളണ്ടിയർമാരെ തിരഞ്ഞെടുത്ത് നിപ്പ രോഗികളെ പരിചരിക്കുവാനും അതിന്റെ വ്യാപനത്തെ തടയുവാനും ഒരു ടീം തയ്യാറാക്കി.
5. കോഴിക്കോട് നഗരം സ്വയം ലോക്ക് ഡൗണായി.
6. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു.
7. ജനക്കൂട്ടം ഉണ്ടാകാനുള്ള സാഹചര്യങ്ങൾ മരണം, കല്യാണം മുതലായ കാര്യങ്ങൾക്ക് ജനക്കൂട്ടം ഉണ്ടാകാതെ നിയന്ത്രിച്ചു.
8. നിപ്പ ബാധിച്ച് മരിച്ചവരുടെ ബോഡി  പ്രത്യേകം ടാപ്പ് ചെയ്ത് സംസ്കാരം ചെയ്തു.
9. നിപ്പ വൈറസ് ആദ്യം റിപ്പോർട്ട് ചെയ്ത സക്കറിയയിൽനിന്ന് നിപ്പ ബാധിച്ച മറ്റു രോഗികൾക്ക് എങ്ങനെയാണ് സമ്പർക്കമുണ്ടായത് എന്നുള്ള സ്റ്റഡി നടത്തി മറ്റുള്ള വ്യക്തികളിൽനിന്ന്  നിപ്പ വ്യാപനം ഇല്ലായെന്ന് ഡോ. അന്നുവും ഡോ. സുരേഷും അന്വേഷിച്ച് ഉറപ്പ് വരുത്തുന്നു.
10. നിപ്പ വൈറസ് ബാധിച്ചവർക്ക് നൽകുവാനായി മെഡിസിൻ വിദേശരാജ്യങ്ങളിൽനിന്നു വരുത്തി. ആ മരുന്നു പരീക്ഷിക്കാൻ DHS സ്വയം സന്നദ്ധയായി.

ചികിത്സ ലഭ്യമല്ലാത്ത, ബാധിച്ചാൽ മരണ നിരക്കു കൂടുതലുള്ള ഒരു വൈറസിനെതിരെ എന്തെല്ലാം ശാസ്ത്രീയ മാർഗത്തിലൂടെ അതിനെ സർവൈവൽ ചെയ്യാമോ ആ മാർഗങ്ങളെല്ലാം അടിയന്തര പ്രാധാന്യത്തോടെ ഈ സിനിമയും ഉപയോഗിച്ചതായി കണ്ടെത്താൻ സാധിക്കും.

ഡിസാസ്റ്റർ സർവൈവിംഗ് മേഖലയിൽ എങ്ങനെയാണ് അതിജീവനം നടത്തുന്നതെന്ന് മലയൻകുഞ്ഞും രോഗവ്യാപനവുമായി ബന്ധപ്പെട്ട മേഖലയിൽനിന്ന് വൈറസ് എന്ന സിനിമയുമാണ് സർവൈവൽ വിഭാഗത്തിൽ ഉൾപ്പെടുന്ന മലയാള സിനിമകൾ.  എന്തെല്ലാം സർവൈവൽ മാർഗങ്ങളാണ് ഈ സിനിമയിൽ ഉപയോഗിച്ചതെന്ന് വിശേഷാൽ നിരീക്ഷിക്കുകയായിരുന്നു ഈ ലേഖനത്തിലൂടെ. രണ്ട് ഡൈമെൻഷനിലുള്ള സർവൈവിംഗ് രീതികളായതിനാൽ അവയ്ക്ക് പരസ്പരബന്ധങ്ങളില്ല. ഒന്ന് വ്യക്ത്യാധിഷ്ഠിതവും മറ്റൊന്നു കൂട്ടായ പ്രവർത്തനവുമാണ്. ഉരുൾപൊട്ടൽപോലുള്ള ഒരു ദുരന്തത്തിൽപ്പെട്ടു പോയ ഒരു വ്യക്തി രക്ഷപെടാനായി നടത്തുന്ന ശ്രമമാവണമെന്നില്ല മറ്റൊരു വ്യക്തി നടത്തുക. പക്ഷേ അവ തമ്മിലുള്ള സൈദ്ധാന്തികവശം ഒന്നായിരിക്കാം. പൂർവ്വവ്യാധി പോലൊരു ദുരന്തത്തെ നേരിടാൻ ശാസ്ത്രസാമഗ്രികളുടെ സഹായവും ശാസ്ത്രീയമാർഗങ്ങളും പിന്തുർന്നേ പറ്റൂ. അല്ലായെങ്കിൽ അതിനെ സർവൈവൽ ചെയ്യാൻ ബുദ്ധിമുട്ടാവും. വൈറസ് എന്ന ചലച്ചിത്രവും മലയൻകുഞ്ഞ് എന്ന ചിത്രവും സർവൈവൽ സിദ്ധാന്തങ്ങളെ പിൻപറ്റുന്ന മലയാള ചലച്ചിത്രങ്ങളാണെന്നു നിരീക്ഷിക്കാനാവുന്നു.

## Bibliography

https://www.madhyamam.com/entertainment/movie-reviews/fahadh-faasil-latest-movie-malayankunju-review-1046193

https://www.asianetnews.com/movie-reviews/malayankunju-malayalam-movie-review-fahadh-faasil-mahesh-narayanan-sajimon-prabhakar-rff5hk

https://www.thecue.in/videos/entertainment/film-review/malayankunju-movie-review-thecue-jigish-kumaran

https://en.m.wikipedia.org/wiki/Virus_(2019_film)

https://www.madhyamam.com/movies/reviews/virus-movie-review-movies/614692